## പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ *77

25/01/2018-ൽ മറുപടിയ്ക്ക്.

## സംസ്ഥാനത്ത് കൃത്രിമ പാൽ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി.ആർ. സുനിൽ കുമാർ<br>ശ്രീമതി. ഇ.എസ്. ബിജിമോൾ<br>ശ്രീ. ആർ. രാമചന്ദ്രൻ<br>ശ്രീ.എൽദോ എബ്രഹാം | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കൃത്രിമ പാൽ, വ്യാജപാൽ തുടങ്ങിയവ ധാരാളമായി വരുന്നുണ്ടെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? അത്തരത്തിൽ ആരോഗ്യം നശിപ്പിക്കുന്ന പാൽ പിടികൂടി നശിപ്പിക്കാനും കാരണക്കാർക്കെതിരെ നടപടി സ്വീകരിക്കാനും സംവിധാനമുണ്ടോ? എങ്കിൽ വിശദമാക്കാമോ?<br><br>&<br><br>(ബി) ഇതര സംസ്ഥാനങ്ങളിൽ നിന്ന് വരുന്ന വ്യാജപാൽ ചെക്ക് പോസ്റ്റിൽ തന്നെ പരിശോധിച്ച് തിരിച്ചയയ്ക്കുന്നതിനുള്ള സ്ഥിരം സംവിധാനമുണ്ടോ? ഇല്ലെങ്കിൽ സ്ഥിരം സംവിധാനം നടപ്പാക്കുമോ? | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല<br>എന്നാൽ ഇതരസംസ്ഥാനങ്ങളിൽ നിന്നും ഗുണനിലവാരം കുറഞ്ഞതും, പാലിന്റെ സൂക്ഷിപ്പ് കാലാവധി വർദ്ധിപ്പിക്കുന്നതിനായി പ്രിസർവേറ്റീവുകൾ ചേർന്നതുമായ പാൽ കൊണ്ടുവരുന്നതായി പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. നിയമപരമായ തുടർനടപടി സ്വീകരിക്കുവാൻ വകുപ്പിന് അധികാരം ഇല്ലാത്തതിനാൽ ഇത്തരം പാൽ ഭക്ഷ്യസുരക്ഷാ വിഭാഗത്തിന് കൈമാറിയിട്ടുണ്ട്.<br>പാലക്കാട് ജില്ലയിലെ മീനാക്ഷിപുരത്തു മാത്രമാണ് ചെക്ക്പോസ്റ്റും ലബോറട്ടറിയും നിലവിൽ പ്രവർത്തിക്കുന്നത്. തിരുവനന്തപുരം ജില്ലയിലെ പാറശ്ശാലയിലും കൊല്ലം ജില്ലയിലെ ആര്യങ്കാവിലും നടപ്പുവർഷം തന്നെ ചെക്ക്പോസ്റ്റുകൾ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. |

ചെക്ക് പോസ്റ്റുകൾ കേന്ദ്രീകരിച്ചും പാൽ വിപണന കേന്ദ്രങ്ങളിലും, പായ്ക്കിംഗ് യൂണിറ്റുകളിലും ഭക്ഷ്യ സുരക്ഷാവകുപ്പ് നടത്തിയ പരിശോധനയിൽ കൃത്രിമ പാൽ, വ്യാജപാൽ എന്നിവ കേരളത്തിൽ കണ്ടെത്തിയിട്ടില്ല.

പാൽ പരിശോധിക്കുന്നതിന് 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം അനുസരിച്ച് കേരളത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ അനലിറ്റിക്കൽ ലാബുകളും പത്തനംതിട്ടയിൽ ഒരു ജില്ലാ ഫുഡ് ടെസ്റ്റിംഗ് ലാബും പ്രവർത്തിക്കുന്നു. ഇതു കൂടാതെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകൾ കേന്ദ്രമാക്കി മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറികളും പ്രവർത്തിക്കുന്നു. ഈ ലാബുകളിലും പാൽ പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങൾ ഉണ്ട്.

പരിശോധനയിൽ ആരോഗ്യത്തിനു ഹാനികരമാകുന്ന ഏതെങ്കിലും രാസപദാർത്ഥങ്ങൾ കണ്ടെത്തിയാൽ പാൽ പിടികൂടി നശിപ്പിക്കാനും കാരണക്കാർക്കെതിരെ ഭക്ഷ്യസുരക്ഷാ നിയമം 2006 പ്രകാരം നടപടി സ്വീകരിക്കാനുമുള്ള സംവിധാനം ഭക്ഷ്യ സുരക്ഷാ വകുപ്പിന് ഉണ്ട്.

ആരോഗ്യത്തിനു ഹാനികരമാകുന്ന രാസപദാർത്ഥങ്ങൾ പാലിൽ ചേർത്തതായി പരിശോധനയിൽ കണ്ടെത്തിയാൽ അത്തരക്കാർക്കെതിരെ ക്രിമിനൽ പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ